# ലോഗ് ബുക്ക്

സെപ്തംബർ - ഡിസംബർ

**2024-25**

**ജി യു പി എസ്  കുട്ടക്കനി**

| ക്രമ നമ്പർ | പ്രവർത്തനം | തീയ്യതി | പേജ് നമ്പർ |
|---|---|---|---|
| 1 | ഓണക്കൂട്ട് 2024 | 13/09/2024 | 3 |
| 2 | സാഹിത്യസല്ലാപം | 24/09/2024 | 4 |
| 3 | സർഗോത്സവം | 25/09/2024 | 5 |
| 4 | സ്കൂൾ തല ക്വിസ്സ് മത്സരം | 26/09/2024 | 6 |
| 5 | നമ്മളിടം -സോഷ്യൽ സർവ്വീസ് ക്യാമ്പ് | 28/09/2024 | 7 |
| 6 | സ്കൂൾ ഒളിമ്പിക്സ് | 01/10/2024 | 8 |
| 7 | സമ്പൂർണ്ണ ശുചിത്വ വിദ്യാലയം | 02/10/2024 | 9 |
| 8 | നാണയ പ്രദർശനം | 02/10/2024 | 10 |
| 9 | ഉപജില്ല കായികമേള | 09/10/2024 | 11 |
| 10 | കൗമാര വിദ്യാഭ്യാസ ക്ലാസ്സ് | 16/10/2024 | 12 |
| 11 | ശാസ്ത്രോത്സവം | 19/10/2024 | 13 |
| 12 | സ്കൂൾ കലോത്സവം | 22/10/2024 | 14 |
| 13 | പുസ്തകവിതരണം | 31/10/2024 | 15 |
| 14 | കേരളപ്പിറവി - വയലാർ അനുസ്മരണം | 01/11/2024 | 16 |
| 15 | ഉപജില്ല കലോത്സവം | 09/11/2024 | 17 |
| 16 | വിജയാഘോഷം | 11/11/2024 | 18 |
| 17 | കുട്ടികളുടെ ഹരിതസഭ | 14/11/2024 | 19 |
| 18 | രുചിമേളം | 25/11/2024 | 20 |
| 19 | ദേശീയ വിരവിമുക്ത ദിനം | 26/11/2024 | 21 |
| 20 | പലഹാര മേള | 02/12/2024 | 22 |
| 21 | ഡിറ്റർജന്റ് നിർമ്മാണം - ശില്പ ശാല | 05/12/2024 | 23 |
| 22 | ക്രിസ്തുമസ് ആഘോഷം | 20/12/2024 | 24 |
| 23 | നമ്മളിടം ദ്വിദിന സഹപഠന ക്യാമ്പ് | 25/12/2024 | 25 |
| 24 | മുകുളം സാഹിത്യ ശില്പശാല | 26/12/2024 | 26 |

ഓണക്കൂട്ട് 2024




ഈ വർഷത്തെ ഓണാഘോഷം സെപ്തംബർ മാസം 13 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ചു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മിതമായ രീതിയിലാണ് ഈ വർഷം ആഘോഷം സംഘടിപ്പിച്ചത്.

ഏഴാം ക്ലാസ്സിലെ കുട്ടികൾ ചേർന്ന് വിജിന ടീച്ചറുടെയും രേഷ്മ ടീച്ചറുടെയും നേതൃത്വത്തിൽ ഓണപ്പൂക്കളം തയ്യാറാക്കി. പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ഓണക്കളികൾ സംഘടിപ്പിച്ചു. മത്സര പരിപാടികൾക്ക് രാജേഷ് മാഷും വിഷ്ണു മോഹൻ മാഷും നേതൃത്വം നൽകി. സ്കൂൾ പി ടി എ യുടെ നേതൃത്വത്തിൽ കുട്ടികൾക്കായി ഓണസദ്യ ഒരുക്കി. ഓണസദ്യ തയ്യാറാക്കുന്നതിൽ ആദ്യാവസാനം വരെ പി ടി എ അംഗങ്ങളുടെയും രക്ഷിതാക്കളുടെയും മികച്ച സഹകരണം, ഓണക്കൂട്ട് 2024 ഭംഗിയായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിൽ സഹായിച്ചു. കുട്ടികൾ ഓണക്കളികൾ ആഘോഷപൂർവ്വം ഏറ്റെടുക്കുകയും ഓണസദ്യ ആസ്വദിച്ച് കഴിക്കുകയും ചെയ്തു.



ഓണക്കൂട്ട് 2024 ന് ശേഷം മൂന്ന് മണിയോട് കൂടി കുട്ടികൾ വീട്ടിലേക്കു മടങ്ങി, ഓണാവധിക്കായി സ്കൂൾ അടച്ചു.

സാഹിത്യസല്ലാപം

കൂടക്കനി




നേതൃത്വത്തിലാണ് സാഹിത്യസല്ലാപം പരിപാടി സംഘടിപ്പിച്ചത്. കഥ, കവിത രചനകളുടെ സാഹിത്യ സർഗാത്മകതലങ്ങൾ തേടിയുള്ള സാഹിത്യസല്ലാപം കുട്ടികൾക്ക് വേറിട്ട അനുഭവമായി. കുട്ടികൾ തയ്യാറാക്കിയ രചനകളുടെ മെച്ചപ്പെടുത്തൽ എങ്ങനെയെന്ന് സ്വയം തിരിച്ചറിയാൻ ഈ പരിപാടി വഴിയൊരുക്കി.

[illegible]

അധ്യാപികയുമായ വി എസ് ബിന്ദു കുട്ടികളുമായി സംവദിച്ചു. ഹരിതാഭമായ സ്കൂൾ അന്തരീക്ഷത്തിൽ നിന്നും ചുമർ ചിത്രങ്ങളിൽ നിന്നും പുതുമയുള്ളതും വൈവിധ്യമാർന്നതുമായ സാഹിത്യ രചനകൾ രൂപപ്പെടുത്തുന്നതിനുള്ള തന്ത്രങ്ങൾ കുട്ടികൾക്ക് പകർന്നു നൽകി.

കുട്ടികളുടെ രചനകൾ ചേർത്ത് തയ്യാറാക്കിയ വലിയ കുഞ്ഞെഴുത്തുകൾ , കുടുംബ മാസിക പൊഡോക്കായി എന്നിവ ശ്രീമതി വി എസ് ബിന്ദു പ്രകാശനം ചെയ്തു. വിദ്യാരംഗം കലാസാഹിത്യ വേദി കൺവീനർ വൈഗ കൃഷ്ണൻ അധ്യക്ഷയായി. ഷൂൾ ലീഡർ അനാമിക വിശ്വനാഥ് , പ്രഥമാധ്യാപകൻ അനൂപ് കല്ലത്ത് , അധ്യാപകരായ രാജേഷ് കൂട്ടകനി , കൃഷ്ണപ്രിയ , അനില വി എ , പ്രസീത എന്നിവർ നേതൃത്വം നൽകി

സർഗോത്സവം

വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ സർഗോത്സവത്തിന്റെ ഭാഗമായി,രണ്ടു ദിനങ്ങളിലായി കഥ-കവിത രചന, ചിത്രരചന, അഭിനയം, നാടൻപാട്ട്, പുസ്തകാസ്വാദനം എന്നീ മേഖലകളിൽ കുട്ടികളുടെ പ്രാവീണ്യം തെളിയിക്കുന്നതിനായി മത്സരം സംഘടിപ്പിച്ചു. കുട്ടികളുടെ സജീവ പങ്കാളിത്തം കൊണ്ട് തന്നെ ഈ സർഗോത്സവം സർഗാത്മകത നിറഞ്ഞതായി.

പ്രഥമാധ്യാപകൻ അനൂപ് കല്ലത്ത്, സീനിയർ അസിസ്റ്റന്റ് രാജേഷ് കുട്ടക്കനി, വിദ്യാരംഗം കൺവീനർ കൃഷ്ണപ്രിയ, അനില , ചിഞ്ചു, പ്രീത, ദിവ്യ, അനീഷ എന്നീ അധ്യാപകരുടെ നേതൃത്വത്തിലാണ് ഈ പരിപാടി സംഘടിപ്പിച്ചത്. മത്സരങ്ങളിൽ നിന്നും മികച്ച പ്രകടനങ്ങൾ വിലയിരുത്തി കൊണ്ട് ജഡ്ജിങ് പാനൽ അംഗങ്ങളായ ബി.സി.ബിന്ദു, വിഷ്ണു മോഹൻ, രേഷ്മ, സുമതി, പ്രസീത, പ്രജിത്ത് എന്നീ അധ്യാപകർ കുട്ടികൾക്ക് മാർഗ നിർദേശകരായി. സർഗോത്സവം കൂട്ടക്കനിയുടെ ഉത്സവമായി മാറി.



## സ്കൂൾ തല ക്വിസ്സ് മത്സരം







ഉപജില്ലാ ശാസ്ത്ര- ഗണിത - സാമൂഹ്യശാസ്ത്ര-ഐടി മേളയുടെ ഭാഗമായുള്ള ക്വിസ്സ് മത്സരത്തിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നതിനായി സ്കൂൾ തല ക്വിസ് മത്സരം സംഘടിപ്പിച്ചു. സെപ്റ്റംബർ മാസം 26 , 27 തീയ്യതികളിലായാണ് ക്വിസ് മത്സരം സംഘടിപ്പിച്ചത്. അധ്യാപകരായ വിഷ്ണു മോഹൻ, ധനുഷ് പ്രീത , സൗമ്യ , അനീഷ എന്നിവർ എൽ പി വിഭാഗം ക്വിസ് മത്സരങ്ങൾക്ക് നേതൃത്വം നൽകി. യു പി വിഭാഗം മത്സരങ്ങൾക്കു കൃഷ്ണപ്രിയ, പ്രസീത, അനില , വിജിന , പ്രജിത്ത് എന്നീ അധ്യാപകരും നേതൃത്വം നൽകി. വ്യത്യസ്ത സമയങ്ങളിലായി എൽ പി , യു പി വിഭാഗം ക്വിസ് മത്സരം നടത്തി കുട്ടികളെ തെരഞ്ഞെടുത്തു.







ഗണിതശാസ്ത്ര ക്വിസ്സ് മത്സരത്തിൽ നാലാം തരത്തിലെ ഹന നസ്രീനും ഏഴാം തരത്തിലെ സാൻവിയും ഒന്നാംസ്ഥാന നേടി. ശാസ്ത്ര ക്വിസ്സിൽ നാലാംതരത്തിലെ ആത്മികയും ഏഴാം തരത്തിലെ നിരഞ്ജനയും ഒന്നാം സ്ഥാനം നേടിയപ്പോൾ സാമൂഹ്യശാസ്ത്ര ക്വിസ് മത്സരത്തിൽ നാലാം തരത്തിലെ കൃഷ്ണനന്ദയും ഏഴാം തരത്തിലെ പ്രാർത്ഥനയും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

നമ്മളിടം -സ്കൂൾ സോഷ്യൽ സർവ്വീസ് ക്യാമ്പ്

എന്നിൽ നിന്നും ഞങ്ങളിലേക്ക് കൂട്ടക്കനിയിൽ നമ്മളിടം ദ്വിദിന സഹവാസ ക്യാമ്പിന് തുടക്കമായി. സാമൂഹ്യ സേവനത്തിന്റെ ബാലപാഠങ്ങൾ പകരാൻ സോഷ്യൽ സർവീസ് സ്കീമിന്റെ ഭാഗമായി കൂട്ടക്കനി ഗവ: യുപി സ്കൂളിൽ ദ്വിദിന സഹവാസ ക്യാമ്പ് ആരംഭിച്ചു. സേവനം സഹജീവനം എന്ന തീമിനെ അടിസ്ഥാനമാക്കിയാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. സ്കൂൾ സോഷ്യൽ സർവീസ് സ്കീം അംഗങ്ങളായ 48 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. 'ക്യാമ്പ് പള്ളിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എം.കുമാരൻ ഉദ്ഘാടനം ചെയ്തു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി സൂരജ് അധ്യക്ഷത വഹിച്ചു. സ്കൂൾ പ്രഥമാധ്യാപകൻ അനുപ് കുമാർ കല്ലത്ത് ക്യാമ്പ് വിശദീകരണം നടത്തി.സ്കൂൾ എസ്.എം.സി ചെയർമാൻ പ്രഭാകരൻ പള്ളിപ്പുഴ മദർ പി ടി എ വൈ :പ്രസിഡൻറ് ശ്രുതി അനിൽ ,രാജേഷ് കൂട്ടക്കനി, വിഷ്ണു മോഹൻ എന്നിവർ സംസാരിച്ചു. സ്കൂൾ ലീഡർ അനാമിക വിശ്വനാഥ് സ്വാഗതവും സോഷ്യൽ സർവീസ് സ്കീം യൂണിറ്റ് ലീഡർ ആദിദേവ് വി.എം നന്ദിയും പറഞ്ഞു. പ്രജിത്ത്. യു വിജിന .പി ,ധനുഷ് എം.എസ്,അനില.വി.എ, പ്രസീത.പി, ശ്രീജിത്ത് കെ.ജി,രേഷ്മ ബാലകൃഷ്ണൻ, സുമതി.വി എന്നിവർ നേതൃത്വം നൽകി. അനീഷ്.സി, ഗീതു സാഗർ, രാമകൃഷ്ണൻ പി കെ എന്നിവർ ക്ലാസെടുത്തു. ക്യാമ്പ് നാളെ സമാപിക്കും.

## സ്കൂൾ ഒളിമ്പിക്സ്




ഈ വർഷത്തെ സ്കൂൾ ഒളിംപിക്സ് 01 / 10 / 2024 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ സ്കൂൾ മൈതാനത്ത് ആരംഭിച്ചു. കായികമേളയിൽ പങ്കെടുക്കുന്ന കുട്ടികൾ എല്ലാവരും തന്നെ രാവിലെ 09 :45 ന് സ്കൂളിൽ എത്തുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ബേക്കൽ സബ് ഇൻസ്പെക്ടർ ശ്രീ സന്തോഷ് വി വി പ്രഥമ സ്കൂൾ ഒളിംപിക്സ് ഉൽഘാടനം ചെയ്തു. blue green yellow red എന്നീ നാല് ഹൌസ് അടിസ്ഥാനത്തിൽ കായിക മത്സരങ്ങൾ സംഘടിപ്പിച്ചു.



ആവേശത്തോടെ കുട്ടികൾ ഓരോ മത്സര ഇനത്തിലും പങ്കെടുത്തു. ധനുഷ് മാഷ്, സുരേഷ് മാഷ്, വിജേഷ് മാഷ്, ശ്രീജിത്ത് എന്നിവർ ചേർന്ന് റണ്ണിങ് ട്രാക്കും , ജമ്പിങ് പിറ്റും തയ്യാറാക്കി. ഏറ്റവും കൂടുതൽ പോയിന്റ് നേടി ബ്ലൂ ഹൌസ് സ്കൂൾ കായിക മേളയിൽ വിജയികളായി. വൈകീട്ട് കൃത്യം 04:00 മണിക്ക് കായിക മത്സരങ്ങൾ അവസാനിച്ചു

# സമ്പൂർണ്ണ ശുചിത്വ വിദ്യാലയം




മാലിന്യമുക്തം നവകേരളം പരിപാടിയുടെ ഭാഗമായി പള്ളിക്കര പഞ്ചായത്ത് സംഘടിപ്പിച്ച പ്രഥമ സമ്പൂർണ്ണ ശുചിത്വ വിദ്യാലയ പുരസ്കാരം കൂട്ടക്കനി ഗവൺമെൻറ് യുപി സ്കൂളിന്. സി എച്ച് കുഞ്ഞമ്പു എം എൽ എ ശുചിത്വ വിദ്യാലയം പ്രഖ്യാപനവും പുരസ്കാര വിതരണവും നടത്തി. സ്കൂളിൽ നിർമ്മിച്ച മാലിന്യ ശേഖരണ പ്ലാൻറ് ഉദ്ഘാടനവും ചെയ്തു. പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ എം കുമാരൻ അധ്യക്ഷനായി സ്കൂൾ ലീഡർ അനാമിക വിശ്വനാഥ് ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് നസ്നിൻ വഹാബ്, പഞ്ചായത്ത് അംഗങ്ങളായ മൗവ്വൽ കുഞ്ഞബ്ദുള്ള, റീജ രാജേഷ്, പ്രഭാകരൻ പള്ളിപ്പുഴ, പ്രദീപ് കാട്ടാമ്പള്ളി, രമേശൻ രാജേഷ് കൂട്ടക്കനി, വിഷ്ണു മോഹൻ, ധനുഷ് എം എസ്, ബി എസ് ബിന്ദു, ശ്രുതി അനിൽ എന്നിവർ സംസാരിച്ചു. സ്ഥിരം സമിതി ചെയർമാൻ വി സൂരജ് സ്വാഗതവും സ്കൂൾ പ്രധാന അധ്യാപകൻ അനൂപ് കല്ലത്ത് നന്ദിയും പറഞ്ഞു.



## ശുചിത്വ വിദ്യാലയ പുരസ്കാരം കൂട്ടക്കനി ഗവ. യുപി സ്കൂളിന്

സമ്പൂർണ ശുചിത്വ വിദ്യാലയ പുരസ്കാരം സി എച്ച് കുഞ്ഞമ്പു എംഎൽഎയിൽനിന്ന് കൂട്ടക്കനി ജിയുപി സ്കൂൾ ഏറ്റുവാങ്ങുന്നു

കൂട്ടക്കനി

മാലിന്യമുക്ത നവകേരളം പരിപാടിയുടെ ഭാഗമായി പള്ളിക്കര പഞ്ചായത്ത് സംഘടിപ്പിച്ച പ്രഥമ സമ്പൂർണ ശുചിത്വ വിദ്യാലയ പുരസ്കാരം കൂട്ടക്കനി ഗവ. യുപി സ്കൂളിന്. സി എച്ച് കുഞ്ഞമ്പു എംഎൽഎ ശുചിത്വ വിദ്യാലയ പ്രഖ്യാപനവും പുരസ്കാര വിതരണവും നടത്തി. സ്കൂളിൽ നിർമിച്ച മാലിന്യ ശേഖരണ പ്ലാന്റ് ഉദ്ഘാടനവും ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് എം കുമാരൻ അധ്യക്ഷനായി. അനാമിക വിശ്വനാഥ് ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് നസ്നീൻ വഹാബ്, പഞ്ചായത്തംഗങ്ങളായ മൗവ്വൽ കുഞ്ഞബ്ദുള്ള, റീജ രാജേഷ്, പ്രഭാകരൻ പള്ളിപ്പുഴ, പ്രദീപ് കാട്ടാമ്പള്ളി, എം രമേശൻ, രാജേഷ് കൂട്ടക്കനി, വിഷ്ണു മോഹൻ, എം എസ് ധനുഷ്, ബി എസ് ബിന്ദു, ശ്രുതി അനിൽ എന്നിവർ സംസാരിച്ചു. സ്ഥിരം സമിതി ചെയർമാൻ വി സൂരജ് സ്വാഗതവും പ്രധാനാധ്യാപകൻ അനൂപ് കല്ലത്ത് നന്ദിയും പറഞ്ഞു.

## നാണയ പ്രദർശനം

സ്കൂൾ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒക്ടോബർ മാസം രണ്ടാം തീയതി നാണയങ്ങളുടെയും കറൻസികളുടെയും പ്രദർശനം സംഘടിപ്പിച്ചു. ചരിത്രത്തിൻറെ നേർസാക്ഷ്യമായി 100 ലേറെ രാജ്യങ്ങളുടെ വ്യത്യസ്തങ്ങളായ കറൻസികളും നാണയങ്ങളും ഈ പ്രദർശനത്തിൽ ഉൾപ്പെട്ടിരുന്നു. സ്കൂൾ മുൻ പിടിഎ പ്രസിഡണ്ട് ശ്രീ എം ഗംഗാധരന്റെ സംവാദനത്തിനുള്ള നാണയങ്ങളുടെയും കറൻസികളുടെയും പ്രദർശനമാണ് സംഘടിപ്പിച്ചത്. ഓരോ രാജ്യത്തിൻറെ കറൻസികളെ കുറിച്ചും കറൻസികളുടെ പ്രത്യേകതയെക്കുറിച്ചും ഗംഗാധരൻ കുട്ടികൾക്ക് വിശദീകരിച്ചു നൽകി. കുട്ടികൾക്ക് അറിവ് പകരുന്നതും കുട്ടികളിൽ ശേഖരണ ശീലം വളർത്തുന്നതിനും ഉതകുന്ന തരത്തിൽ ആയിരുന്നു ഈ പരിപാടി.



## ഉപജില്ല കായികമേള




2024 ഒക്ടോബർ മാസം 9, 10, 11 തീയ്യതികളിലായി ജി എച്ച് എസ് എസ് കല്ല്യോട്ട് വച്ച് നടന്ന ബേക്കൽ ഉപജില്ലാ പ്രഥമ സ്കൂൾ ഒളിംപിക്സിൽ നമ്മുടെ സ്കൂളിൽ നിന്ന് വിവിധ ഇനങ്ങളിൽ കുട്ടികൾ മത്സരിച്ചു.

പെൺകുട്ടികളുടെ യു പി കിഡ്ഡീസ് വിഭാഗത്തിൽ മത്സരിച്ച ഏഴാം തരത്തിലെ നിഹാര ഹൈ ജമ്പ്-ൽ ഒന്നാം സ്ഥാനവും ലോങ്ങ് ജമ്പ്-ൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

16/10/2024

കൗമാര വിദ്യാഭ്യാസ ക്ലാസ്സ്

ആറ്, ഏഴ് ക്ലാസ്സിലെ പെൺകുട്ടികൾക്കായി കൗമാര വിദ്യാഭ്യാസ ക്ലാസ്സ് സംഘടിപ്പിച്ചു. കേരള സംസ്ഥാന വനിതാ വികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം 16 നു രാവിലെ 11 :30 ന് ഡോക്ടർ പൂജയാണ് ക്ലാസ്സ് കൈകാര്യം ചെയ്തത്.




ഇല്ലാതാക്കൽ, ആരോഗ്യപരിപാലന രീതികൾ, നാപ്കിന്റെ ശരിയായ ഉപയോഗം, നിർമാർജനം എന്നീ വിഷയങ്ങളെ കുറിച്ച് ഡോക്ടർ വിശദീകരിച്ചു. സ്കൂൾ പ്രഥമാധ്യാപകൻ ശ്രീ അനൂപ് കല്ലത്ത് സ്വാഗതവും പരിപാടിയുടെ സ്കൂൾ തല കോർഡിനേറ്റർ വിജിന ടീച്ചർ നന്ദിയും പറഞ്ഞു.

ശാസ്ത്രോത്സവം

ജി വി എച്ച് എസ്സ് എസ്സ് കുണിയയിൽ വച്ച് ഒക്ടോബർ 18, 19 തീയതികളിൽ നടന്ന ബേക്കൽ ഉപജില്ലാ ശാസ്ത്രോത്സവത്തിൽ വിവിധ ഇനങ്ങളിൽ മത്സരിച്ച് കുട്ടികൾക്ക് മികച്ച വിജയം കൈവരിക്കാൻ സാധിച്ചു.




ഐ ടി - പ്രവർത്തി പരിചയം - ഗണിതം - ശാസ്ത്രം- സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ വിവിധ ഇനങ്ങളിൽ മത്സരിച്ച കൂട്ടക്കനി സ്കൂളിലെ എൽ പി, യു പി വിഭാഗം കുട്ടികൾ ഈ വർഷത്തെ ശാസ്ത്രോത്സവത്തിൽ മികച്ച വിജയം കരസ്ഥമാക്കി.

യു പി വിഭാഗം ഐ ടി മേളയിലും , എൽ പി വിഭാഗം ശാസ്ത്രമേളയിലും ഓവറോൾ ചാമ്പ്യൻഷിപ്പും, യു പി വിഭാഗം സാമൂഹ്യശാസ്ത്രമേളയിൽ സബ്ജില്ലയിൽ രണ്ടാം സ്ഥാനവും നേടി. യു പി വിഭാഗം ഗണിത മേളയിലും ശാസ്ത്രമേളയിലും കൂട്ടക്കനി സ്കൂൾ അഞ്ചാം സ്ഥാനം നേടി. എൽ പി വിഭാഗം ഗണിതമേളയിലും എൽ പി - യു പി വിഭാഗം പ്രവൃത്തി പരിചയ മേളയിലും കുട്ടികൾ മികവാർന്ന നേട്ടം കൈവരിച്ചു.

## സ്കൂൾ കലോത്സവം

കുട്ടികളെ വിസ്മയത്തുമ്പിലിരുത്തി മീൻ വിൽക്കുന്ന ചന്ദ്രേട്ടൻ സ്കൂൾ കലോത്സവ വേദിയിൽ. കൂട്ടക്കനി ഗവ. യു പി സ്കൂൾ കലോത്സവം ഉദ്ഘാടനം ചെയ്തത് നാട്ടിൽ വ്യാപാരം നടത്തുന്ന, കുട്ടികൾക്കും നാട്ടുകാർക്കും പരിചിതനായ ചന്ദ്രൻ കരുവാക്കോടായിരുന്നു. പൂച്ചയായും









പുലിയായും ഉദ്ഘാടന വേദിയിൽ ഭാവപ്പകർച്ച നടത്തിയ ചന്ദ്രൻ ദേശീയ തലത്തിലടക്കം നാടകത്തിലൂടെ ശ്രദ്ധേയനായ കലാകാരനാണെന്ന് കുട്ടികൾ തിരിച്ചറിഞ്ഞു. ഒട്ടേറെ പുരസ്കാരങ്ങൾ വാരിക്കൂട്ടിയ നിരവധി നാടകങ്ങളുടെയും സോളോ ഡ്രാമകളുടെയും സംവിധായകനും നടനുമായ ഈ കലാകാരൻ ഇപ്പോൾ ഒരു നാടകം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി സംവിധാനം ചെയ്തു കൊണ്ടിരിക്കുകയാണ്. സ്കൂൾ കലോത്സവങ്ങളിലും വിവിധ ദേശങ്ങളുടെ നാടക പ്രവർത്തനങ്ങളിലും സജീവമായ ചന്ദ്രൻ ജ്വാല കരുവാക്കോടിന്റെ പ്രവർത്തകനാണ്.

ഉദ്ഘാടന ചടങ്ങിൽ പി ടി എ പ്രസിഡണ്ട് ശ്രീ. സുധാകരൻ അധ്യക്ഷനായി. പ്രഥമാധ്യാപകൻ അനൂപ് കുമാർ കല്ലത്ത് , പ്രഭാകർ പള്ളിപ്പുഴ, ധന്യ രതീഷ്, പ്രദീപ് കാട്ടാമ്പള്ളി, രാജേഷ് കൂട്ടക്കനി, പി വേണുഗോപാലൻ, ബിന്ദു ബി സി , വിഷ്ണുമോഹൻ, അനാമിക വിശ്വനാഥ് എന്നിവർ സംസാരിച്ചു

## പുസ്തകവിതരണം

കൂട്ടുകാർക്ക് വായിച്ചുവളരാൻ കൈനിറയെ പുസ്തകങ്ങളുമായി പെരിയ ജവാഹർ നവോദയ വിദ്യാലയത്തിൽ നിന്നും വിദ്യാർത്ഥികൾ കൂട്ടാക്കനി ഗവ: യു പി സ്കൂളിലെത്തി. നവോദയ വിദ്യാലയത്തിലെ റീഡേഴ്സ് ക്ലബ്ബിലെ കുട്ടികളാണ് കൂട്ടക്കനി സ്കൂളിലേക്ക് പുസ്തകങ്ങളുമായി വിരുന്നെത്തിയത്.



# പുസ്തക സമ്മാനവുമായി നവോദയയിലെ കുട്ടിക്കൂട്ടമെത്തി

പെരിയ ജവഹർ നവോദയ വിദ്യാലയത്തിലെ കുട്ടികൾ കൂട്ടക്കനി ഗവ. യുപി സ്കൂളിലെ കുട്ടികൾക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകുന്നു.

പാക്കം

കൂട്ടക്കനി ഗവ. യുപി സ്കൂളിന് വായനയുടെ തണലൊരുക്കി പെരിയ നവോദയ വിദ്യാലയം. സ്കൂൾ ലൈബ്രറിയിലേക്ക് കൈനിറയെ പുസ്തകങ്ങളുമായി നവോദയ വിദ്യാലയ റീഡേഴ്സ് ക്ലബിലെ വിദ്യാർഥികൾ കൂട്ടക്കനി സ്കൂളിലേക്ക് എത്തിയത്. വിരുന്നുകാർക്ക് കൂട്ടക്കനി സ്കൂൾ വിദ്യാരംഗം പ്രസിദ്ധീകരിച്ച നിയമോളുടെ പറന്നിടും ഞാനൊരു നാൾ എന്ന പുസ്തകം സമ്മാനമായി നൽകി. കുട്ടികളിൽ വായന വളർത്തുക എന്ന ഉദ്ദേശ്യത്തിൽ ആരംഭിച്ച 'ഗെറ്റ് എ ബുക്ക്, റീഡ് എ ബുക്ക്' എന്ന പരിപാടി പുസ്തകങ്ങൾ ഏറ്റുവാങ്ങി പ്രധാനധ്യാപകൻ അനൂപ് കുമാർ കല്ലത്ത് ഉദ്ഘാടനം ചെയ്തു. ആർ രജിത്, ഡോ. പ്രജീഷ് പി പവിത്ര, രാജേഷ് കൂട്ടക്കനി, സി അനീഷ, വൈഗാകൃഷ്ണൻ എന്നിവർ സംസാരിച്ചു.

കുട്ടികളിൽ വായന വളർത്തുക എന്ന ലക്ഷ്യവുമായി തുടങ്ങുന്ന ' ഗെറ്റ് എ ബുക്ക് , റീഡ് എ ബുക്ക്' എന്ന പരിപാടി കൂട്ടക്കനി ഗവ: യു പി സ്കൂൾ പ്രഥമാധ്യാപകൻ അനൂപ് കുമാർ കല്ലത്ത് പുസ്തകങ്ങൾ ഏറ്റുവാങ്ങി ഉദ്ഘാടനം ചെയ്തു. കൂട്ടക്കനി സ്കൂൾ വിദ്യാരംഗം പ്രസിദ്ധീകരിച്ച നിയമോളുടെ ' പറന്നിടും ഞാനൊരു നാൾ ' എന്ന പുസ്തകം സ്കൂൾ ലീഡർ അനാമിക വിശ്വനാഥ് റീഡേഴ്സ് ക്ലബ്ബിന് സമ്മാനിച്ചു. അധ്യാപകരായ ആർ രജിത്, ഡോ . പി .പ്രജീഷ്, രാജേഷ് കൂട്ടക്കനി, സി അനീഷ എന്നിവർ സംസാരിച്ചു.

## കേരളപ്പിറവി - വയലാർ അനുസ്മരണം

കേരളപ്പിറവി ദിനാഘോഷത്തിന്റെയും വയലാർ അനുസ്മരണത്തിന്റെയും ഭാഗമായി കൂട്ടക്കനി ഗവ: യു പി സ്കൂളിൽ കേരള ഗാനങ്ങൾ കോർത്തിണക്കി നൃത്താവിഷ്കാരം സംഘടിപ്പിച്ചു. ചടങ്ങിന് സ്കൂൾ പി ടി എ പ്രസിഡന്റ് ശ്രീ. എ സുധാകരൻ അധ്യക്ഷനായി. ബേക്കൽ ഉപജില്ലാ ബി പി സി ശ്രീ കെ എം ദിലീപ് കുമാർ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു .




തിരുവാതിരക്കളിയുടെ ചുവടു വച്ചും നാടൻപാട്ടിന്റെയും സിനിമ ഗാനങ്ങളുടെയും വരികൾ ഈണം ചേർത്ത് ആലപിച്ചുമായിരുന്നു ദിനാഘോഷം. പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ ശ്രീ വി സൂരജ്, ഗായകൻ ശ്രീ. ബാബു ഇടയിലക്കാട് എന്നിവർ മുഖ്യാതിഥികളായി. പ്രധാനാധ്യാപകൻ അനൂപ് കല്ലത്ത്, പ്രഭാകരൻ പള്ളിപ്പുഴ , രാജേഷ് കൂട്ടക്കനി , വേണുഗോപാലൻ, എം എസ് ധനുഷ്, പ്രീത, വി എ അനില എന്നിവർ സംസാരിച്ചു.

ഉപജില്ല കലോത്സവം

നവംബർ ആദ്യവാരം രാവണീശ്വരം ഗവഃ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടന്ന ബേക്കൽ ഉപജില്ലാ കലോത്സവത്തിൽ കൂട്ടക്കനി സ്കൂളിലെ കുട്ടികൾ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്തു. കലോത്സവത്തിൽ യു പി ജനറൽ വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ് നേടാൻ സാധിച്ചു.




എൽ പി വിഭാഗം സംഘനൃത്തത്തിലും, യു പി വിഭാഗം തിരുവാതിരയിലും മികച്ച പ്രകടനത്തോടെ ഒന്നാം സ്ഥാനം എ ഗ്രേഡ് കരസ്ഥമാക്കി ജില്ലയിലേക്ക് യോഗ്യത നേടി. മറ്റ് ഗ്രൂപ്പ് ഇനങ്ങളിലേയും വ്യക്തിഗത ഇനങ്ങളിലെയും കുട്ടികളുടെ പ്രകടനം മികവാർന്നതായിരുന്നു.

വിജയാഘോഷം



2024 - 25 ലെ ബേക്കൽ ഉപജില്ലാ കലാ- കായിക - ശാസ്ത്ര മേളകളിൽ പങ്കെടുത്തവരെയും വിജയികളെയും മുൻനിർത്തി വിജയാഘോഷം സംഘടിപ്പിച്ചു. സ്കൂൾ ലീഡർ അനാമിക വിശ്വനാഥിന്റെ നേതൃത്വത്തിൽ നവംബർ 11 നു വൈകീട്ട് മൂന്ന് മണിക്കാണ് കുട്ടികൾ വിജയഭേരി മുഴക്കി കൂട്ടക്കനി പ്രദേശത്തൂടെ ആഹ്ലാദപ്രകടനം നടത്തിയത്. സ്കൂൾ ഗ്രീൻ പോലീസ് കുട്ടികളെ നിയന്ത്രിക്കുകയും നിർദ്ദേശം നൽകുകയും ചെയ്തു.ആഹ്ലാദപ്രകടനത്തിന് ശേഷം സ്കൂൾ പ്രധാനാധ്യാപകൻ ശ്രീ അനൂപ് കല്ലത്ത് കുട്ടികളെ അഭിനന്ദിച്ച് കൊണ്ട് സംസാരിച്ചു.

## കുട്ടികളുടെ ഹരിതസഭ




മാലിന്യമുക്ത നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി പള്ളിക്കര പഞ്ചായത്ത് ഈ ശിശുദിനത്തിൽ കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചു. ബേക്കൽ റെഡ് മൂൺ ബീച്ചിൽ സംഘടിപ്പിച്ച പരിപാടിയിൽ കൂട്ടക്കനി സ്കൂളിൽ നിന്ന് എൽ പി, യു പി ക്ലാസ്സുകളിൽ നിന്നായി 6 കുട്ടികൾ വീതം പങ്കെടുത്തു. പള്ളിക്കര പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം കുമാരൻ ആമുഖഭാഷണം നടത്തി . കൂട്ടക്കനി സ്കൂളിലെ പ്രവർത്തനങ്ങൾക്ക് ഏഴാം തരത്തിലെ അമേയ ടി വി നേതൃത്വം നൽകുകയും സ്കൂളിൽ മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനെകുറിച്ചും സ്കൂൾ ഹരിത സേനയെക്കുറിച്ചും വിശദീകരിച്ചു. മുഴുവൻ കുട്ടികളും അനുബന്ധ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

## രുചിമേളം



നാലാം തരത്തിലെ ഊണിന്റെ മേളം എന്ന പാഠഭാഗത്തിലെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ്സിൽ രുചിമേളം സംഘടിപ്പിച്ചു. നാവിലൂറുന്ന രുചികളിലൂടെയാണ് നാം ഈ ലോകത്തെ ആദ്യം അറിയുന്നത്. എരിവും പുളിയും മധുരവും പല സാഹചര്യങ്ങളിലെ രുചിയനുഭവമായി പിന്നീട് നമ്മളിലെത്തുന്നു. കാലം മാറിയപ്പോൾ ഭക്ഷണശീലം മാറി, രുചികൾ മാറി. വിഷ്ണുമാഷും ധനുഷ് മാഷും പ്രവർത്തനത്തിന് നേതൃത്വം നൽകി. ഭക്ഷണസാധനങ്ങളിലെ രുചിവൈവിധ്യങ്ങൾ കുട്ടികൾ പട്ടികപ്പെടുത്തുകയും തുടർന്ന് അടുത്ത ദിവസം ഓരോ കുട്ടിയും വ്യത്യസ്ത രുചിയുള്ള നാടൻ ഭക്ഷണസാധനങ്ങൾ കൊണ്ട് വന്നു. ഉച്ചഭക്ഷണത്തോടൊപ്പം ഈ ഭക്ഷ്യ വിഭവങ്ങൾ കുട്ടികൾക്ക് വീതിച്ചു നൽകി.

ദേശീയ വിരവിമുക്ത ദിനം

കേരള സർക്കാർ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം 2024 നവംബർ 26 നു 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് വിര നശീകരണ ഗുളികയായ ആൽബൺഡസോൾ നൽകി. പള്ളിക്കര പഞ്ചായത്തിന്റെ സ്കൂൾ തല ഉൽഘാടനം കൂട്ടക്കനി സ്കൂളിൽ വച്ച് നടന്നു. ഉച്ചഭക്ഷണത്തിനു ശേഷം വാർഡ് മെമ്പർ ശ്രീ വി സൂരജ്, സ്കൂൾ ലീഡർ അനാമിക വിശ്വനാഥിന് നൽകി സ്കൂൾ തല പരിപാടി ഉൽഘാടനം ചെയ്തു. കുട്ടികളിൽ മാറി വരുന്ന ഭക്ഷണശീലത്തെക്കുറിച്ചും പോഷക കുറവിനെ കുറിച്ചും കുട്ടികളിൽ കണ്ടു വരുന്ന വിളർച്ചയെക്കുറിച്ചും വളർച്ചയ്ക്കു കാരണമാകുന്ന വിരബാധ നിയന്ത്രിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ആരോഗ്യപ്രവർത്തകർ വിശദീകരിച്ചു. തുടർന്ന് ഓരോ ക്ലാസ് അധ്യാപകരും ആരോഗ്യപ്രവർത്തകരുടെ നിർദേശപ്രകാരം ഉച്ചഭക്ഷണത്തിന് ശേഷം കുട്ടികൾക്ക് വിരഗുളിക നൽകി.



പലഹാര മേള

കൂട്ടക്കനി ഗവൺമെൻറ് യുപി സ്കൂളിൽ ഒന്നാം തരത്തിലെ 'പിന്നേം പിന്നേം ചെറുതായി പാലപ്പം' എന്ന അധ്യായത്തിലെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ പലഹാരമേള ഒരുക്കി. ഓരോരുത്തരും കൊണ്ടുവന്ന പലഹാരങ്ങളിലെ ചേരുവകൾ കൂട്ടുകാർക്കും മുമ്പിൽ അവതരിപ്പിച്ചു. 50 ഓളം അപ്പങ്ങൾ നിരത്തിവെച്ച് പാട്ടുകൾ പാടി കുട്ടികൾ മേളയ്ക്ക് ഹരം പകർന്നു. പോഷകസമൃദ്ധമായതും വൈവിധ്യമാർന്നതുമായ പലഹാരങ്ങളുടെ പ്രാധാന്യം ഓർമ്മപ്പെടുത്തുന്നതായിരുന്നു പരിപാടി. പ്രധാനാധ്യാപകൻ ശ്രീ അനൂപ് കുമാർ കല്ലത്ത്, സീനിയർ അസിസ്റ്റൻറ് രാജേഷ് കൂട്ടക്കനി, അധ്യാപകരായ പി വേണുഗോപാലൻ, പി വി ദിവ്യ, പി ചിഞ്ചു എന്നിവർ സംസാരിച്ചു.



## ഡിറ്റർജന്റ് നിർമ്മാണം - ഏകദിന ശില്പ ശാല




മാലിന്യ മുക്ത നവകേരളം യജ്ഞവുമായി കൈകോർത്ത് ഏകദിന നിർമ്മാണ ശില്പശാലയിലൂടെ കൂട്ടക്കനിയിലെ അമ്മമാർ ശുചീകരണ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ പങ്കാളികളായി. വിദ്യാലയത്തിലെ മദർ പി ടി എ യാണ് അമ്മമാർക്ക് വരുമാനത്തിൽ സ്വാശ്രയത്വം കൈവരിക്കാനും ശുചീകരണ പ്രവർത്തനങ്ങളിൽ ഉപയോഗിക്കാവുന്ന വ്യത്യസ്ത വസ്തുക്കളുടെ നിർമ്മാണം മനസ്സിലാക്കാനുമുള്ള വേദി ഒരുക്കിയത്. സ്കൂൾ സോഷ്യൽ സർവീസ് സ്കീം അംഗങ്ങളും ശില്പശാലയുടെ ഭാഗമായി. വരും നാളുകളിൽ അമ്മമാരുടെ കൂട്ടായ്മയിലൂടെ സംരംഭകത്വത്തിന്റെ പുതിയ പാഠങ്ങൾ രചിക്കാനുള്ള തയ്യാറെടുപ്പും അവർ നടത്തിക്കഴിഞ്ഞു. കെ കെ നാരായണൻ പള്ളിക്കരയാണ് ശില്പശാലയ്ക്ക് നേതൃത്വം നൽകിയത്. തയ്യാറാക്കിയ ഉൽപ്പന്നങ്ങളുടെ ആദ്യ വിൽപ്പന പ്രധാനധ്യാപകൻ അനൂപ് കുമാർ കല്ലത്ത് , എസ് എം സി ചെയർമാൻ പ്രഭാകരൻ പള്ളിപ്പുഴയ്ക്ക് നൽകി നിർവ്വഹിച്ചു. പി ടി എ പ്രസിഡന്റ് എ സുധാകരൻ അധ്യക്ഷനായി. രാജേഷ് കൂട്ടക്കനി, വിഷ്ണുമോഹൻ, പി വേണുഗോപാലൻ, കൗസല്യ, അനിത എന്നിവർ സംസാരിച്ചു.

20/12/2024

## ക്രിസ്തുമസ് ആഘോഷം

ഡിസംബർ 20 നു ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. കുട്ടികളുടെ നേതൃത്വത്തിൽ തന്നെ സ്കൂളിൽ പുൽക്കൂടും ക്രിസ്തുമസ് ട്രീ യും നിർമ്മിച്ച്. ബലൂണും സ്റ്റാറും വർണ്ണക്കടലാസുകളും കൊണ്ട് അലങ്കരിച്ചു. ഓരോ ക്ലാസ്സിലും ക്രിസ്തുമസ് കേക്ക് മുറിച്ചു. ഉച്ചവരെയുള്ള ആഘോഷപരിപാടികൾക്ക് ശേഷം 1 മണിക്ക് ഉച്ചഭക്ഷണവും ലൈബ്രറി പുസ്തകവും നൽകി കുട്ടികളെ വീട്ടിലേക്ക് അയച്ചു.





നമ്മളിടം ദ്വിദിന സഹപഠന ക്യാമ്പ്




കൂട്ടക്കനി സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം ന്റെ ഭാഗമായി ഡിസംബർ മാസം 25 , 26 തീയതികളിൽ 'നമ്മളിടം' എന്ന പേരിൽ ദ്വിദിന സഹപഠന ക്യാമ്പ് സംഘടിപ്പിച്ചു. രണ്ട് ദിവസമായി നടന്ന ക്യാമ്പിൽ, സ്നേഹം സഹജീവനം, വിരുന്നുകാർക്കൊപ്പം, ആട്ടവും പാട്ടും, ശുചിത്വ ഗ്രാമം, നാടറിഞ്ഞു നടക്കൽ തുടങ്ങിയ വ്യത്യസ്ത സെഷനുകളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് അവസരം ലഭിച്ചു. ഡിസംബർ 25 നു രാവിലെ ക്യാമ്പ് കോർഡിനേറ്റർ വിഷ്ണുമോഹൻ ക്യാമ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകി തുടർന്ന് 'സാമൂഹ്യസേവനം അതിജീവനം' എന്ന വിഷയത്തിൽ ശ്രീ വിജയൻ ശങ്കരമ്പാടി ക്ലാസ് എടുത്തു. വിരുന്നുകാർക്കൊപ്പം എന്ന രണ്ടാമത്തെ സെഷനിൽ പങ്കെടുക്കാൻ പാലക്കാട് ജില്ലയിലെ നിന്നുള്ള 14 കുട്ടികളും എത്തിച്ചേർന്നു. രണ്ടാം ദിനത്തിൽ 'മാലിന്യ മുക്തം നവകേരളം വെല്ലുവിളികളും പരിഹാരങ്ങളും എന്ന വിഷയത്തിൽ കാസർഗോഡ് ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ശ്രീ. കെ ബാലചന്ദ്രൻ മാസ്റ്റർ ക്ലാസ്സ് കൈകാര്യം ചെയ്തു. വൈകീട്ട് 03 മണിക്കുള്ള സമാപന ചടങ്ങിൽ അട്ടപ്പാടിയിൽ നിന്നുള്ള കുട്ടികൾ ക്യാമ്പ് അനുഭവങ്ങൾ പങ്കുവച്ചു. ചടങ്ങിൽ പ്രധാനാധ്യാപകൻ അനൂപ് കുമാർ കല്ലത്ത്, രാജേഷ് കൂട്ടക്കനി, പി വേണുഗോപാലൻ, സോഷ്യൽ സർവ്വിസ് സ്കീം കോർഡിനേറ്റർ വിഷ്ണുമോഹൻ പി ടി എ പ്രസിഡന്റ് എ സുധാകരൻ എന്നിവർ സംസാരിച്ചു.

## മുകുളം  സാഹിത്യ ശില്പശാല




പള്ളിക്കര ഗ്രാമപഞ്ചായത്ത് 2024 -25 വാർഷിക പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം വിദ്യാർത്ഥികൾക്കായി സ്കൂൾ തല സാഹിത്യശില്പശാല സംഘടിപ്പിച്ചു. പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ ശ്രീ. എ മണികണ്഻ഠൻ സ്കൂൾ തല ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. മെമ്പർ ശ്രീ. സൂരജ് ചടങ്ങിന് അധ്യക്ഷത വഹിചു. കൂട്ടക്കനി ഗവ യു പി സ്കൂൾ പ്രധാനധ്യാപകൻ ശ്രീ അനൂപ് കല്ലത്ത് ശില്പശാല വിശദീകരണം നടത്തി. കൂട്ടക്കനി ഗവ യു പി സ്കൂൾ പി ടി എ പ്രസിഡന്റ് ശ്രീ എ സുധാകരൻ, എസ്  എം സി ചെയർമാൻ ശ്രീ പ്രഭാകരൻ പള്ളിപ്പുഴ, സ്കൂൾ ലീഡർ കുമാരി അനാമിക വിശ്വനാഥ് എന്നിവർ ചടങ്ങിന് ആശംസയർപ്പിച്ച് സംസാരിച്ചു. ശ്രീമതി. സുധ കെ വി ഏകദിന സാഹിത്യ ശില്പശാലയ്ക്ക് നേതൃത്വം നൽകി. കുട്ടികളുടെ കഥാനുഭവങ്ങളെക്കുറിച്ചും ചുറ്റുപാടുകളിൽ നിന്നും കഥ-കവിത ആശയം ജനിക്കുന്നതിനെ കുറിച്ചും സെഷനിൽ സംസാരിച്ചു. കുട്ടികൾക്ക് കഥ-കവിത രചനയ്ക്കുള്ള അവസരം നൽകി. പ്രീത ടീച്ചർ, അനീഷ ടീച്ചർ, അനില ടീച്ചർ, രേഷ്മ ടീച്ചർ എന്നിവർ ക്യാമ്പ് അംഗങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകി. വൈകിട്ട് നടന്ന സമാപന ചടങ്ങിൽ കുട്ടികളുടെ സൃഷ്ടികൾ പതിപ്പ് രൂപത്തിലാക്കി പ്രകാശനം ചെയ്തു.